STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.523/PR/SPMC/PHQ/2026 Date: 31.10.2026

പത്രക്കുറിപ്പ്

കേരള പോലീസിന്റെ കേരളപ്പിറവിദിന പരേഡ് നാളെ:

മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും

കേരളപ്പിറവി, കേരള പോലീസിന്റെ 70-ാമത് രൂപീകരണം എന്നീ ദിനാഘോഷത്തോടനുബന്ധിച്ചുള്ള പരേഡ് നാളെ (നവംബർ 1, ഞായർ) നടക്കും. തിരുവനന്തപുരത്ത് എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ രാവിലെ എട്ട് മണിക്ക് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ, പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും. മികച്ച സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ലഭിച്ച 281 പോലീസ് ഉദ്യോഗസ്ഥർക്ക് ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

പരിപാടിയുടെ തൽസമയ സംപ്രേഷണം സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ഫെയ്സ് ബുക്ക് പേജിൽ രാവിലെ 7.50 മുതൽ ലഭിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****